2023
DECEMBER
19
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## കടമെടുക്കൽ ചെലവ് കൂടുന്നു: കൺസ്യൂമർ ലോണുകളുടെ പലിശ ഉയരും



**ന്യൂദൽഹി:** ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾക്ക് വായ്പ നൽകുന്നതിന് റിസർവ് ബാങ്ക് കർശന വ്യവസ്ഥകൾ കൊണ്ടുവന്നതിന് പിന്നാലെ കുതിച്ചുയർന്ന് ഹ്രസ്വദീർഘകാല കടപ്പത്രങ്ങളുടെ ആദായം. ഇതോടെ ഉപഭോക്തൃ വ്യാപകളുടെ പലിശ നിരക്കിൽ വർധനയ്ക്ക് സാധ്യതയേറി.

കമ്പനികൾക്കും ബാങ്കുകൾക്കും ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾക്കും വിപണിയിൽനിന്ന് പണം സമാഹരിക്കുന്നതിനുള്ള കമേഴ്സ്യൽ പേപ്പറുകൾ (സി.പി), സർട്ടിഫിക്കറ്റ് ഓഫ് ഡെപ്പോസിറ്റ് (സി.ഡി) എന്നിവയുടെ ആദായ നിരക്കിൽ കാൽ ശതമാനം(0.25%)വരെയാണ് വർധനവുണ്ടായത്.

91 ദിവസം വരെ കാലാവധിയുള്ള കൊമേഴ്സ്യൽ പേപ്പറുകൾ വഴി പ്രാഥമിക വിപണിയിൽനിന്ന് ബജാജ് ഫിനാൻസ് 7.90 ശതമാനം നിരക്കിലാണ് പണം സമാഹരിച്ചത്. ഇതിന് മുമ്പ് നവംബർ 10ന് പുറത്തിറക്കിയ കൊമേഴ്സ്യൽ പേപ്പറിലെ ആദായം 7.62 ശതമാനമായിരുന്നു. 0.28 ശതമാനത്തിന്റെ വർധന.

ബാങ്കിങ് സംവിധാനത്തിൽ പണലഭ്യത കുറയുന്ന സാഹചര്യത്തിലാണ് വിപണിയിലെ വായ്പാ നിരക്കിൽ വർധനവുണ്ടായത്. ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾക്ക് വാണിജ്യ ബാങ്കുകൾ നൽകുന്ന ഹ്രസ്വകാല വായ്പകളുടെ നിരക്ക് കൂട്ടാൻ ആർബിഐയുടെ നടപടി കാരണമായിട്ടുണ്ട്.

ഉപഭോക്തൃ വായ്പകൾ അനുവദിക്കുന്നതിന് ആനുപാതികമായി മൂലധനം വർധിപ്പിക്കണമെന്നായിരുന്നു ആർബിഐയുടെ നവംബർ 16ലെ പ്രഖ്യാപനം. ഇതോടെ ഈടില്ലാത്ത ചെറുകിട വായ്പകൾക്ക് പരിധി നിശ്ചയിക്കാൻ ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾ നിർബന്ധിതരായി. സുരക്ഷിതമല്ലാത്ത വായ്പകളുടെ വിതരണം വൻതോതിൽ വർധിച്ചതിനെ തുടർന്നാണ് ആർബിഐ നടപടി സ്വീകരിച്ചത്. ബാങ്കുകൾക്കും ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾക്കുമുള്ള കൺസ്യൂമർ വായ്പകളുടെ റിസ്ക് വെയ്റ്റ് 100 ശതമാനത്തിൽനിന്ന് 125 ശതമാനമായാണ് ആർബിഐ ഉയർത്തിയത്.

മറ്റ് കമ്പനികളെ അപേക്ഷിച്ച് ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾക്ക് വിപണിയിൽനിന്ന് പണം സമാഹരിക്കുന്നതിനുള്ള ചെലവ് കുത്തനെ വർധിച്ചു. പണലഭ്യതക്കുറവും അതിന് കാരണമായി. കഴിഞ്ഞ മാസത്തെ അപേക്ഷിച്ച് കൊമേഴ്സ്യൽ പേപ്പറുകളുടെ പലിശ നിരക്ക് കാൽ ശതമാനത്തോളമാണ് കൂടിയത്. ബാങ്കുകളിൽനിന്നോ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ വായ്പ നേടാനുള്ള സർട്ടിഫിക്കറ്റ് ഓഫ് ഡെപ്പോസിറ്റി(സി.ഡി)ന്റെ നിരക്കിലും കാൽ ശതമാനം വർധനവുണ്ടായിട്ടുണ്ട്.നബാഡിന്റെ സെക്യൂരിറ്റികളാണ് ഇതിന് പൊതുവെ മാനദണ്ഡമായി കണക്കാക്കാറുള്ളത്. നവംബർ ഒമ്പതിന് പുറത്തിറക്കിയതും 2024 ഫെബ്രുവരി ആറിന് കാലാവധിയെത്തുന്നതുമായ നബാഡിന്റെ സി.ഡികളുടെ ആദായം 7.29 ശതമാനമായിരുന്നു. ഒരു മാസം പിന്നിട്ടപ്പോൾ, മാർച്ച് 28ന് കാലാവധിയെത്തുന്നവ സി.ഡിയുടെ നിരക്ക് 7.55 ശതമാനമായി ഉയരുകയും ചെയ്തു.



## ചൈനയിൽ വൻ ഭൂകമ്പം; നൂറിലധികം പേർ മരിച്ചു ഒട്ടേറെപ്പേർക്ക് പരിക്ക്

**ബെയ്ജിങ്:** ചൈനയിലുണ്ടായ ശക്തമായ ഭൂകമ്പത്തിൽ നൂറിലധികം പേർ മരിച്ചതായി റിപ്പോർട്ട്. ഇരുനൂറിലധികം പേർക്ക് പരിക്കേറ്റു. ഗൻസു പ്രവിശ്യയിൽ ചൊവ്വാഴ്ച രാത്രിയാണ് ഭൂകമ്പമുണ്ടായത്. 5.9 രേഖപ്പെടുത്തിയ ഭൂകമ്പം പ്രവിശ്യാ കേന്ദ്രമായ ഗൻസുവിൽ നിന്നും 100 കിലോമീറ്റർ അകലെയാണ് ഉത്ഭവിച്ചത്. ഒന്നിന് പിന്നാലെ ഒന്നായി തുടരെ ഭൂകമ്പമുണ്ടായതായാണ് റിപ്പോർട്ട്. അതേസമയം സിൻഹുവയിലുണ്ടായ ഭൂകമ്പം 6.2 തീവ്രതയാണ് രേഖപ്പെടുത്തിയത്.

ആളുകൾ പരിഭ്രാന്തരായി തെരുവിലേക്കിറങ്ങി. വീടുകളും കെട്ടിടങ്ങളും തകർന്നുവീണു. രക്ഷാപ്രവർത്തനം തുടരുകയാണ്. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും രക്ഷാപ്രവർത്തനങ്ങൾക്കും എല്ലാ സാധ്യതകളും ഉപയോഗിക്കണമെന്ന് ചൈനീസ് പ്രസിഡന്റ് ഷി ചിൻപിങ് നിർദേശം നൽകി.

പലയിടത്തും വൈദ്യുതിയും വെള്ളവും നിലച്ചു. റോഡുകളും തകർന്നതിനാൽ രക്ഷാപ്രവർത്തനം ദുഷ്കരമായിരിക്കുകയാണ്.

ഓഗസ്റ്റിൽ കിഴക്കൻ ജില്ലയിലുണ്ടായ ഭൂകമ്പത്തിൽ 23 പേർ മരിച്ചിരുന്നു. 2022 സെപ്റ്റംബറിൽ സിചുവാൻ പ്രവിശ്യയിലുണ്ടായ ഭൂകമ്പത്തിൽ 100 പേരാണ് മരിച്ചത്.

## ലോകത്തിലെ ഏറ്റവും വലിയ ഓഫിസ് സൂറത്ത് ഡയമണ്ട് ബോഴ്സ് പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു



**അഹമ്മദാബാദ്:** ലോകത്തിലെ ഏറ്റവും വലിയ ഓഫിസ് സമുച്ചയമായ സൂറത്ത് ഡയമണ്ട് ബോഴ്സ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. വജ്രവ്യാപാരത്തിൻറെ കേന്ദ്രമായി സൂറത്തിനെ മാറ്റാൻ വഴിയൊരുക്കുന്ന സമുച്ചയം ഇന്നലെ ഉച്ചയ്ക്കാണു പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തത്. സൂറത്ത് അന്താരാഷ്ട്ര വിമാനത്താവളത്തിലെ നവീകരിച്ച ടെർമിനലിൻറെ ഉദ്ഘാടനവും പ്രധാനമന്ത്രി നിർവഹിച്ചു.

ഇന്ത്യൻ വാസ്തുകലയുടെയും ഇന്ത്യൻ കലാകാരന്മാരുടെയും ശ്രേഷ്ഠതയാണ് സൂറത്ത് ഡയമണ്ട് ബോഴ്സ് ലോകത്തിനു മുന്നിൽ പ്രദർശിപ്പിക്കുന്നതെന്നു മോദി. സൂര്യ നഗരമെന്ന് അറിയപ്പെട്ട സൂറത്ത് ഇനി വജ്ര നഗരമെന്നാകും അറിയപ്പെടുകയെന്നും അദ്ദേഹം.സൂറത്തിലെ ഖാജോഡിലാണ് 3,200 കോടിരൂപ ചെലവിൽ കൂറ്റൻ ഓഫിസ് സമുച്ചയം നിർമിച്ചത്.

## റുവാൻ അസർ ഇന്ത്യയിലെ ഇസ്രയേൽ അംബാസഡർ



**ന്യൂഡൽഹി:** ഇന്ത്യയിലെ ഇസ്രയേൽ അംബാസഡറായി റുവാൻ അസറിനെ നിയമിച്ചു. റുവാൻറെ നിയമനത്തിന് ഇസ്രയേൽ സർക്കാർ കഴിഞ്ഞദിവസം അംഗീകാരം നൽകിയിരുന്നു. ഇന്ത്യയെ കൂടാതെ, ശ്രീലങ്കയിലെയും ഭൂട്ടാനിലെയും നോൺ റസിഡൻറ് അംബാസഡറായി റുവാൻ പ്രവർത്തിക്കും.

കഴിഞ്ഞ മൂന്നു പതിറ്റാണ്ടായി വിവിധ പദവികൾ പ്രവർത്തിച്ചിട്ടുള്ള റുവാൻ അറിയപ്പെടുന്ന നയതന്ത്രജ്ഞനാണ്. നിലവിൽ റൊമാനിയയിലെ ഇസ്രയേൽ അംബാഡസറാണ്. പ്രധാനമന്ത്രിയുടെ ഓഫിസിലെ വിദേശകാര്യ ഉപദേഷ്ടാവായും, ഇസ്രയേൽ യുഎസ്ചൈന ഇൻറേണൽ ടാസ്ക്ക് ഫോഴ്സ് തലവനായും റുവാൻ പ്രവർത്തിച്ചിട്ടുണ്ട്. പലസ്തീൻ വിഷയത്തിലെ മധ്യസ്ഥ ചർച്ചകളിലും നേതൃത്വപരമായ പങ്കുവഹിച്ചിട്ടുണ്ട്.

അർജൻറീനയിൽ ജനിച്ച റുവാൻ പതിമൂന്നാം വയസിലാണ് ഇസ്രയേലിലേക്ക് കുടിയേറിപ്പാർത്തത്. ഹീബ്രു യൂണിവേഴ്സിറ്റിയിൽ നിന്ന് ഇൻറർനാഷണൽ റിലേഷൻസിൽ ബിരുദാനന്തര ബിരുദം പൂർത്തിയാക്കിയ ഇദ്ദേഹം മൂന്നു വർഷത്തോളം ഇസ്രയേൽ ഡിഫൻസ് ഫോഴ്സിൻറെ പാരാമിലിറ്ററി ട്രൂപ്പിലും സേവനം അനുഷ്ഠിച്ചിരുന്നു. ഇസ്രയേലിനെയും പൗരന്മാരെയും പ്രതിനിധീകരിച്ചു കൊണ്ട്, അന്താരാഷ്ട്രബന്ധങ്ങൾ ശക്തിപ്പെടുത്തി റുവാൻ അസർ പ്രവർത്തിക്കുമെന്ന് ഇസ്രയേൽ വിദേശകാര്യമന്ത്രി യെലി കോഹൻ സമൂഹ മാധ്യമങ്ങളിൽ കുറിച്ചു.





എറണാകുളം എസ്.ആർ.വി ഹൈസ്കൂളിലെ വെള്ളക്കെട്ട് നിവാരണത്തിനായി എസ്.ആർ.വി ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ രൂപകൽപ്പന ചെയ്ത് നടപ്പാക്കുന്ന പദ്ധതിയുടെ ആദ്യ ഘട്ട നിർമ്മാണത്തിന്റെ പ്രവർത്തനോദ്ഘാടനം ടി.ജെ വിനോദ് എം.എൽ.എ നിർവ്വഹിക്കുന്നു. അഗസ്റ്റിൻ, എ.എൻ ബിജു, രാജീവ്, സുനിൽ ബാബു, പി.പി സജിനി , ദാമോദരൻ, ബി.ആർ അജിത്, രാധിക, കൃഷ്ണകുമാർ, സി സി ജേക്കബ്ബ്, കർമ്മ ചന്ദ്രൻ, അജിമോൻ പൗലോസ്, അധ്യാപിക റാണി തുടങ്ങിയവർ സമീപം

# എസ്.ആർ.വി ഹൈസ്കൂളിലെ വെള്ളക്കെട്ട് നിവാരണം: ആദ്യഘട്ട നിർമ്മാണം പ്രവർത്തനങ്ങൾക്ക് തുടക്കം

**കൊച്ചി:** എറണാകുളം എസ്.ആർ.വി ഹൈസ്കൂളിലെ വെള്ളക്കെട്ട് നിവാരണത്തിനായി എസ്.ആർ.വി ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ രൂപകൽപ്പന ചെയ്ത് നടപ്പാക്കുന്ന പദ്ധതിയുടെ ആദ്യ ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കമായി. സ്കൂൾ അങ്കണത്തിൽ നടന്ന ചടങ്ങിൽ ടി.ജെ വിനോദ് എം.എൽ.എ നിർമ്മാണ പ്രവർത്തനം ഉദ്ഘാടനം ചെയ്തു. എസ്.ആർ.വി ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷൻ പ്രസിഡന്റ് ആർക്കിടെക്റ്റ് പ്രൊഫ.ബി.ആർ അജിത് അധ്യക്ഷത വഹിച്ചു.

ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷൻ വൈസ് പ്രസിഡന്റ് സി.സി ജേക്കബ്ബ്, കെ.സി ഫിലിപ്പ്,ദാമോദരൻ,സ്കൂൾ മുൻ പ്രിൻസിപ്പാൾ അഗസ്റ്റിൻ, ജോയിന്റ് സെക്രട്ടറി ജോയ്, നിർമ്മാണ കമ്മിറ്റി അംഗം കർമ്മചന്ദ്രൻ, സ്കൂൾ പ്രിൻസിപ്പാൾ എ.എൻ ബിജു, പി.ടി.എ പ്രസിഡന്റ് രാജീവ്, ഹൈസ്കൂൾ പ്രധാന അധ്യാപിക രാധിക, മുൻ കൗൺസിലർ കൃഷ്ണകുമാർ, യു.പി സ്കൂൾ പ്രധാന അധ്യാപിക പി.പി സജിനി, വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ അധ്യാപകൻ അജിമോൻ പൗലോസ് തുടങ്ങിയവർ സംസാരിച്ചു. സെയിന്റ് ഗോബിയൻ ഗ്ലാസിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയുടെ നിർമ്മാണ മേൽനോട്ടച്ചുമതല സ്കൂൾ പിടി.എയ്ക്കാണ്.



# യൂണിയൻ ഓഫ് ആംഗ്ലോ ഇന്ത്യൻ അസോസിയേഷൻസ് പ്ലാറ്റിനം ജൂബിലി സമാപിച്ചു

**കൊച്ചി:**യൂണിയൻ ഓഫ് ആംഗ്ലോ ഇന്ത്യൻ അസോസിയേഷൻസിന്റെ ഒരു വർഷം നീണ്ടുനിന്ന പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ സമാപിച്ചു. വൈകിട്ട് അഞ്ചിന് എറണാകുളം ടൗൺഹാളിൽ നടന്ന സമാപന സമ്മേളനം വി ഡി സതീശൻ ഉദ്ഘാടനം ചെയ്തു. ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് നഷ്ടപ്പെട്ട ആനുകൂല്യങ്ങളും പാർലമെന്റിലും നിയമസഭയിലും ഉള്ള പ്രാതിനിധ്യവും പുനസ്ഥാപിക്കണമെന്ന് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ സതീശൻ ആവശ്യപ്പെട്ടു. യൂണിയൻ ഓഫ് ആംഗ്ലോ ഇന്ത്യൻ അസോസിയേഷൻസ് കേരള സ്റ്റേറ്റ് പ്രസിഡന്റ് ഇൻ ചീഫ് മാർഷൽ ഡിക്കൂഞ്ഞ അധ്യക്ഷത വഹിച്ച യോഗത്തിൽ ഹൈബി ഈഡൻ മുഖ്യപ്രഭാഷണം നടത്തി. പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് വനിതാ ശാക്തീകരണത്തിന്റെ ഭാഗമായി തയ്യൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന്റെ ധാരണാപത്രം റോട്ടറി ക്ലബ്ബ് കൊച്ചിൻ സിറ്റിയുടെ പ്രസിഡന്റ് ശ്രീ. ഐസക്ക് ജോർജ്ജ് മാത്യു യൂണിയൻ പ്രസിഡന്റ് ഇൻ ചീഫ് മാർഷൽ ഡിക്കൂഞ്ഞയ്ക്ക് കൈമാറി. സമ്മേളനത്തിൽ ടി.ജെ. വിനോദ് എം.എൽ.എ., മുൻ എം.എൽ.എ. ശ്രീ. ലൂഡി ലൂയിസ്, ഡാൽബിൻ ഡിക്കൂഞ്ഞ, റാൾഫ് ഫരിയ, ജോസഫ് ജൂഡ്, വിമൻസ് സോളിഡാരിറ്റി പ്രസിഡന്റ് ഷൈല ഡിക്രൂസ്, ഓൾ കേരള ആംഗ്ലോ ഇന്ത്യൻ യൂത്ത് മൂവ്മെന്റ് പ്രസിഡന്റ് പ്രിൻസ് പിൻഹീറോ എന്നിവർ ആശംസകൾ അർപ്പിച്ചു.

202223 അധ്യയന വർഷത്തിൽ മികച്ച വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെയും വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച പ്രതിഭകളെയും ക്യാഷ് അവാർഡും മെമെന്റോയും നല്കി ആദരിച്ചു. ആംഗ്ലോ ഇന്ത്യൻ സ്കൂളുകളിൽ നിന്ന് വിരമിച്ച അധ്യാപകരെയും അനധ്യാപകരെയും തദവസരത്തിൽ ആദരിക്കുകയുണ്ടായി. ജനറൽ സെക്രട്ടറി ഹൈസിൽ ഡിക്രൂസ് സ്വാഗതവും ട്രഷറർ പീറ്റർ ലെസ്ലി ഒലിവർ നന്ദിയും പറഞ്ഞു.

# ഐ.എസ്.എസ്.പി.എ കേരള റീജ്യൺ സമ്മേളനത്തിന് നാളെ തുടക്കം

**കൊച്ചി:** ഇൻഡ്യൻ സ്മോൾ സ്കെയിൽ പെയിന്റ് അസ്സോസിയേഷൻ(ഐ.എസ്.എസ്.പി.എ) കേരള റീജ്യൺ സമ്മേളനം നാളെയും മറ്റന്നാളുമായി (ഡിസംസബർ 20,21 തിയ്യതികളിൽ ) എറണാകുളം ലേ മെറീഡിയൻ കൺവെൻഷൻ സെന്ററിൽ നടക്കും. നാളെ വൈകുന്നേരം 5.45 ന് ചേരുന്ന സമ്മേളനത്തിൽ ഡയറക്ടറേറ്റ് ഓഫ് ജി.എസ്.ടി ഇന്റലിജന്റ്സ് കേരള അഡീഷണൽ ഡയറക്ടർ ജനറൽ ഗിരിധർ ജി.പൈ കോൺഫ്രൻസ് ഉദ്ഘാടനം ചെയ്യും.

ഇൻഡിഗോ പെയിന്റ് മാനേജിംഗ് ഡയറക്ടർ ഹേമന്ത് ജാലൻ മുഖ്യപ്രഭാഷണം നടത്തും. ഐ.എസ്.എസ്.പി.എ കൺവീനർ ദിനേഷ് പ്രഭു, വിജയ് നായർ, ഐ.എസ്.എസ്.പി.എ ചെയർമാൻ ശംഭു നമ്പൂതിരി തുടങ്ങിയവർ സംസാരിക്കും. 21 ന് രാവിലെ 9.30 മുതൽ ഇന്ത്യൻ പെയിന്റ് വ്യവസായവുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളിൽ ചർച്ചകളും അവതരണങ്ങളും നടക്കും. വൈകുന്നേരം അഞ്ചു മണിയോടെ സമ്മേളം സമാപിക്കും.ഇന്ത്യയിലെ വിവിധ ചെറുകിട പെയിന്റ് ഉൽപ്പാദകരും നിർമ്മാണ സാമഗ്രികളുടെ വിതരണക്കാരും ഉൾപ്പെടെയുള്ളവർ സമ്മേളനത്തിൽ പങ്കെടുക്കുമെന്ന് കൺവീനർ ദിനേഷ് പ്രഭു, ജോയിന്റ് കൺവീനർ ടി.ജി റെജിമോൻ,ചെയർമാൻ ശംഭു നമ്പൂതിരി എന്നിവർ പറഞ്ഞു.

# ഡീസൽ വാഹനങ്ങളുടെ പരിഷ്കരിച്ച പതിപ്പുകൾ പുറത്തിറക്കി ടാറ്റ മോട്ടോഴ്സ്

**കോഴിക്കോട്:** ഇന്ത്യയിലെ പ്രമുഖ വാണിജ്യ വാഹന നിർമാതാക്കളായ ടാറ്റ മോട്ടോഴ്സ് ജനപ്രിയ വാണിജ്യ വാഹന മോഡലുകളായ ഇൻട്രാ വി 50, എയ്സ് ഡീസൽ വാഹനങ്ങളുടെ പരിഷ്കരിച്ച പതിപ്പുകൾ പുറത്തിറക്കി. ഇന്ധന ഉപഭോഗം കുറയ്ക്കുന്ന രീതിയിലാണ് പരിഷ്കരിച്ച പതിപ്പുകൾ നിരത്തുകളിലെത്തുന്നത്. ഇതോടൊപ്പം തങ്ങളുടെ ഏറ്റവും പുതിയ ഇൻട്ര വി70, വി20 ഗോൾഡ് പിക്കപ്പുകളും എയ്സ് എച്ച്ടിപ്ലസും കമ്പനി വിപണിയിൽ അവതരിപ്പിച്ചിട്ടുണ്ട്.

വിശ്വസനീയമായ 1.5 ലിറ്റർ ഡീസൽ എഞ്ചിനാണ് ടാറ്റ ഇൻട്ര വി70 മോഡലിന്. ഫൽറ്റ് എഡ്ജ് ടെലിമാറ്റിക്സ് സംവിധാനവും 9.7 അടി നീളമുള്ള ലോഡ് ബോഡിയുമുണ്ട്. 800 കിലോമീറ്ററിലധികം ദൂരപരിധിയും 1200 കിലോഗ്രാം വർധിപ്പിച്ച പേലോഡ് ശേഷിയുള്ള, ഉത്കണ്ഠയില്ലാത്ത യാത്രക്കായി രൂപകൽപന ചെയ്യപ്പെട്ട ഇന്ത്യയുടെ ആദ്യത്തെ ദ്വിഇന്ധന പിക്കപ്പാണ് ടാറ്റ ഇൻട്രാ വി 20 ഗോൾഡ്.

കാര്യക്ഷമമായ ഫൽറ്റ് മാനേജ്മെന്റിനായി ഫൽറ്റ് എഡ്ജ് ടെലിമാറ്റിക്സ് സംവിധാനവും ഇതിന്റെ പ്രധാന സവിശേഷതയാണ്. 1,200 കിലോഗ്രാം വർധിപ്പിച്ച പേലോഡ് കപ്പാസിറ്റിയും എവിടെയും പോകാനുള്ള ശേഷിയുള്ള മൂന്ന് സിഎൻജി ടാങ്കുകളുമുണ്ട്. ദൈർഘ്യമേറിയ ലോഡ് ബോഡിയും 900 കിലോഗ്രാം വർധിപ്പിച്ച പേലോഡ് കപ്പാസിറ്റിയുമുള്ള ടർബോചാർജ്ഡ് ഡീസൽ എഞ്ചിന്റെ ഉയർന്ന കരുത്തും കാര്യക്ഷമതയുമായാണ് പുതിയ എയ്സ് എച്ച്ടിപ്ലസ് വരുന്നത്. ഉപഭോക്താക്കൾക്ക് കുറഞ്ഞ ചെലവ് ഉടമസ്ഥാവകാശ വാഗ്ദാനവുമായാണ് ടാറ്റ ഇൻട്രാ വി50 എത്തുന്നത്.

വിവധ ആവശ്യങ്ങൾക്ക് പരിഹാരമാകുന്നതോടൊപ്പം ഉപഭോക്താക്കൾക്ക് ഉപജീവനമാർഗവും അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതുമാണ് ടാറ്റ മോട്ടോഴ്സിന്റെ ചെറുകിട വാണിജ്യ വാഹനങ്ങളും പിക്കപ്പുകളുമെന്ന് പുതിയ വാഹന നിര അവതരിപ്പിച്ചുകൊണ്ട് ടാറ്റ മോട്ടോഴ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ ഗിരീഷ് വാഗ് പറഞ്ഞു.

# കൊച്ചി പൈതൃക കോൺഫറൻസ് സമാപിച്ചു

**കൊച്ചി:** എറണാകുളം മഹാരാജാസ് കോളേജ് ആർക്കിയോളജി ആ മെറ്റീരിയൽ കൾച്ചർ സ്റ്റഡീസ് വിഭാഗവും സെന്റ് തെരേസാസ് കോ ചരിത്ര വിഭാഗവും ആകാശവാണി കൊച്ചി എഫ് എം 102.3ഉം. എം യൂണിവേഴ്സിറ്റി ഡി. എസ്. എസിന്റെയും, ഇന്ത്യ ടൂറിസം കൊച്ചി ഓഫീസിൻറെയും സംയുക്ത ആഭിമുഖ്യത്തിൽ ഡിസംബർ 15, 16, 17 ദിവസങ്ങളിൽ നടന്ന കൊച്ചി പൈതൃക കോൺഫറൻസ് മഹാരാജ്സ് കോളേജ് ജി.എൻ.ആർ ഹാളിൽ സമാപിച്ചു.

ആലുവ സർമത സമ്മേളനവും ലോകസമാധാനവും എന്ന വിഷയത്തി ദേശീയ സെമിനാർ നടന്നു.

സി ഈ ടി പ്രൊഫ (റിട്ട.) പി കെ സാബ മൂഴിക്കുളം , പ്രേംകുമാർ, മഹാരാജാസ് കോളേജ് പ്രിൻസിപ്പൽ ഡോ. വി എസ് ജോയ്, പ്രൊഫ. വിനോദ് കുമാർ കല്ലോലിക്കൽ, ഡോ. വനിത ടി തരകൻ എന്നിവർ സംസാരിച്ചു.നാടൻകലാരൂപങ്ങളായ രാവേലിയും, ചവിട്ടു നാടകവും അരങ്ങേറി.

# ഇന്ത്യ ഖേലോ ഫുട്ബോൾ, ബ്ലൂ ആരോസുമായി കൈകോർക്കുന്നു

**കൊച്ചി:** ഇന്ത്യയിലെ ഫുട്ബോൾ പ്രതിഭകളെ കണ്ടെത്തുക, വളർത്തുക എന്നീ ലക്ഷ്യങ്ങളോടെ ആരംഭിച്ച ഇന്ത്യ ഖേലോ ഫുട്ബോൾ (ഐ.കെ.എഫ്), മാർക്കറ്റിംഗ്, ഇവന്റ് മാനേജ്മെന്റ് സ്ഥാപനമായ ബ്ലൂ ആരോസുമായി കൈകോർത്ത് തങ്ങളുടെ പ്രവർത്തനങ്ങൾ മിഡിൽ ഈസ്റ്റിലേക്ക് വ്യാപിപ്പിക്കുന്നു. മികച്ച ഫുട്ബോൾ പ്രതിഭകളെ കണ്ടെത്താനും അവരെ അന്താരാഷ്ട്ര തലത്തിൽ വളർത്തിയെടുക്കാനുമുള്ള ഐ.കെ.എഫിന്റെ പ്രവർത്തനങ്ങളിലെ സുപ്രധാന നീക്കമാണ് ഇത്.അതിർത്തികൾക്കും സംസ്കാരങ്ങൾക്കും അപ്പുറമുള്ള ഒരു യാത്രയ്ക്കാണ് ഞങ്ങൾ ഇതിലൂടെ തുടക്കം കുറിക്കുന്നതെന്ന് ഐ.കെ.എഫ് സ്ഥാപകൻ ഫാനി ഭൂഷൺ അറിയിച്ചു.

പ്രതിഭകളെ കണ്ടെത്താൻ വേണ്ടി മാത്രമല്ല , ഫുട്ബോൾ ഇഷ്ടപ്പെടുന്നവരുടെ ഒരു ആഗോള കൂട്ടായ്മ സംഘടിപ്പിക്കലും ഇതിന്റെ ലക്ഷ്യമാണ്. ഇന്ത്യയിലെയും യു.എ.ഇയിലെയും ഫുട്ബോൾ രംഗത്ത് ഈ കൂട്ടുകെട്ടിന് എത്രമാത്രം സ്ഫോടനാത്മകമായ മാറ്റങ്ങൾ വരുത്താനാകുമെന്ന ആകാംക്ഷയിലാണ് ഞങ്ങൾ അദ്ദേഹം പറഞ്ഞു. ഐ.കെ.എഫ് സഹസ്ഥാപകൻ ഹിതേഷ് ജോഷിയുടെ വാക്കുകളിലും ഇതേ ആവേശം തന്നെയാണ് ഉണ്ടായിരുന്നത്. ഈ പങ്കാളിത്ത വിപുലീകരണം ഒരു ടാലന്റ് ഹണ്ടിനപ്പുറം ഇന്ത്യൻ ഉപഭൂഖണ്ഡത്തിനും മിഡിൽ ഈസ്റ്റിനും ഇടയിലുള്ള പാലമായും പ്രവർത്തിക്കുകയും ഫുട്ബോളിന്റെ ആഗോളഭാഷയെ ഏകീകരിക്കുകയും ചെയ്യും.

മിഡിൽ ഈസ്റ്റിലെ സ്പോർട്സ് മാനേജ്മെന്റിൽ സമാനതകളില്ലാത്ത അനുഭവ സമ്പത്തുള്ള ബ്ലൂ ആരോസുമായുള്ള പങ്കാളിത്തം അറിയപ്പെടാത്ത ഫുട്ബോൾ പ്രതിഭകളെ കണ്ടെത്താനും ഐ.എസ്.എൽ, ഐലീഗ് പോലുള്ള ലീഗുകളുടെ നിലവാരം വർധിപ്പിക്കാനും ഞങ്ങളെ പ്രാപ്തരാക്കും അദ്ദേഹം പറഞ്ഞു.

ബ്ലൂആരോസ് മാർക്കറ്റിംഗ് വിഭാഗത്തിൽ നിന്നുള്ള രാജേഷ് രവി മേനോനും ഈ പുതിയ പങ്കാളിത്തത്തിൽ സന്തോഷം പ്രകടിപ്പിച്ചു. ഇന്ത്യ ഖേലോ ഫുട്ബോളിന്റെ പങ്കാളിയായതിലൂടെ ബ്ലൂആരോസ് ആദരിക്കപ്പെട്ടിരിക്കുകയാണ്. ഞങ്ങളുടെ ഒത്തൊരുമിച്ചുള്ള പരിശ്രമം മിഡിൽ ഈസ്റ്റിലെ യുവ ഫുട്ബോൾ പ്രതിഭകളെ കണ്ടെത്തുന്നതിനും സ്പോർട്സിലൂടെ അന്താരാഷ്ട്ര ബന്ധം മെച്ചപ്പെടുത്തുന്നതിനും സഹായിക്കും. ഈ ടാലന്റ് ഹണ്ട് ഗംഭീര വിജയമാക്കുന്നതിൽ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ് അദ്ദേഹം വ്യക്തമാക്കി.മിഡിൽ ഈസ്റ്റിലെ ടാലന്റ് ഹണ്ടിലൂടെ യുവ ഫുട്ബോൾ പ്രതിഭകൾക്ക് തങ്ങളുടെ കഴിവ് പ്രകടിപ്പിക്കാനും ഇന്ത്യയിലെ പ്രീമിയർ ഫുട്ബോൾ ക്ലബ്ബുകളിൽ ഇടംപിടിക്കാനുമുള്ള അവസരമാണ് ലഭിക്കുന്നത്. ഈ സംരംഭം ഇന്ത്യൻ ഫുട്ബോളിന് ഒരു പുതിയ മാനം കൊണ്ടുവരികയും കായിക രംഗത്ത് സാംസ്കാരിക സമന്വയത്തിന് വേദിയൊരുക്കുകയും ചെയ്യും. സെലക്ഷൻ ട്രയലുകൾ 2024 ജനുവരിയിൽ ദുബായിയിൽ നടക്കും.ഐ.കെ.എഫിനൊപ്പം ചേർന്ന് തങ്ങളുടെ പ്രൊഫഷണൽ ഫുട്ബോൾ യാത്രയ്ക്ക് തുടക്കം കുറിയ്ക്കാമെന്ന ആവേശത്തിലാണ് മിഡിൽ ഈസ്റ്റിലെ ഫുട്ബോൾ പ്രതിഭകൾ.

# യു എൻ ഗ്ലോബൽ കോംപാക്റ്റ് കേരള മേഖലാ സമ്മേളനം കൊച്ചിയിൽ

**കൊച്ചി:** ബിസിനസിനപ്പുറം സമൂഹത്തിന് ഗുണപരമായ കാര്യങ്ങൾക്ക് പ്രാധാന്യം നൽകണമെന്ന് ഫാക്ട് മാനേജിംഗ് ഡയറക്ടർ കിഷോർ റുങ്ങ്ത. നമുക്ക് ചുറ്റുമുള്ളവർക്ക് കൂടി നേട്ടമുണ്ടാകുമ്പോഴാണ് നമ്മുടെ പ്രവൃത്തികൾക്ക് അർഥമുണ്ടാകുന്നതെന്നും അദ്ദേഹം പറഞ്ഞു. യു എൻ ഗ്ലോബൽ കോംപാക്റ്റ് കേരള മേഖലാ സമ്മേളനം കൊച്ചിയിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു കിഷോർ റുങ്ങ്ത. ദാരിദ്ര്യ രഹിതവും അഴിമതി രഹിതവും തുല്യാവകാശവും ഉറപ്പാക്കുന്നതിന് വേണ്ടിയായിരിക്കണം പ്രവർത്തനം. ഫാക്ടിനെ സംബന്ധിച്ച് സുതാര്യതക്കാണ് കൂടുതൽ പ്രാധാന്യം നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു.യുവാക്കൾക്ക് കൂടുതൽ പ്രാധാന്യം നൽകിയാണ് യു എൻജിസി എൻ ഐ പ്രവർത്തിക്കുന്നതെന്ന് എക്സിക്യുട്ടീവ് ഡയറക്ടർ രത്നേഷ് ജാ ചൂണ്ടിക്കാട്ടി. യുവാക്കളുടെ ജീവിത സുസ്ഥിരത, മാനസികാരോഗ്യം, ലിംഗനീതി എന്നിവയിലൂന്നിയുള്ള പ്രവർത്തനങ്ങൾ തുടരുമെന്ന് അദ്ദേഹം വ്യക്തമാക്കി.

ആർക്കും ഇതിൽ പങ്കാളികളാകാം. സമൂഹത്തിനും ഭൂമിക്കും ഗുണകരമാകുന്ന പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ താൽപ്പര്യമുള്ളവർക്ക് യു എൻ ജി സി എൻ ഐയുടെ ഭാഗമാകാമെന്നും അദ്ദേഹം പറഞ്ഞു. യു എൻ മുന്നോട്ട് വെയ്ക്കുന്ന പത്ത് നിർദേശങ്ങൾ പാലിക്കുന്ന ആർക്കും പ്രവർത്തനങ്ങളിൽ പങ്കാളിയാകാമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.കഴിവുകൾ,




ഉത്പാദനം, ഉപഭോഗം തുടങ്ങിയ പ്രാദേശികവത്കരിക്കണമെന്ന് യുഎൻ ജിസിഎൻ ഐ ഗ്ലോബൽ ബോർഡംഗം തോമസ് കുരുവിള പറഞ്ഞു. കസ്റ്റംസ് ആൻഡ് ജി എസ് കമ്മീഷണർ മനോജ് അറോറ, യുഎൻ ജിസിഎൻ ഐ സ്ഥാപകാംഗം സനിൽ നമ്പൂതിരിപ്പാട്, മുൻ യുഎൻ ചീഫ് സീനിയർ സോഷ്യോ ഇക്കണോമിക് അഡ്വൈസർ ഡോ.എബ്രഹാം ജോസഫ്, ഹ്യുമനിറ്റാഡ് ഫൗണ്ടേഷൻ ഡയറക്ടർ അനിൽ ജോസഫ്, കെ എം എ മുൻ പ്രസിഡന്റ് ഡോ. നിർമല ലില്ലി എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.ട്രാൻസ്ഫോർമിങ് ടുമോറോ യു എൻ ജി സി : യുവർ ഗേറ്റ്‌വേ ടു സസ്റ്റെയ്നബിൾ എക്സലൻസ് എന്നതാണ് സമ്മേളന തീമെന്ന് കോൺഫറൻസ് ചെയർമാൻ അനിൽ ജോസഫ് പറഞ്ഞു.2000 ജൂലൈ 26ന് ഐക്യരാഷ്ട്രസഭ ഔദ്യോഗികമായി ആരംഭിച്ചത് മുതൽ യു എൻ ജി സി എൻ ലോകമെമ്പാടുമുള്ള 69 പ്രാദേശിക നെറ്റ്‌വർക്കുകളിലായി 160 രാജ്യങ്ങളിലായി 18,000ത്തിലധികം പങ്കാളികളെ ഉൾപ്പെടുത്തി. സുസ്ഥിരതയ്ക്കും ഉത്തരവാദിത്തമുള്ള ബിസിനസ്സ് രീതികൾക്കും പ്രതിജ്ഞാബദ്ധരായ കമ്പനികൾക്ക് ഇത് ഒരു നയവും പ്രായോഗിക ചട്ടക്കൂടുമാണ്.

യുഎൻ ജിസിഎൻഐ നേതൃത്വം കേരളത്തിലെ പൊതുസ്വകാര്യ മേഖലകളിലെ ബിസിനസ്സ് കമ്മ്യൂണിറ്റിയുമായും അക്കാദമിക്, സിവിൽ സൊസൈറ്റി, പോളിസി മേക്കർമാർ തുടങ്ങിയ ബിസിനസ് ഇതര പങ്കാളികളുമായും ചേർന്നാണ് കേരള റീജിയണൽ കോൺഫറൻസ് സംഘടിപ്പിച്ചത്.




# അഖില കേരള സി എം എ ചാപ്റ്റേഴ്സ് ക്രിക്കറ്റ് ടൂർണമെന്റ്: പാലക്കാട് ജേതാക്കൾ

**കൊച്ചി:** കോസ്റ്റ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ കൊച്ചിൻ ചാപ്റ്റർ കേരളത്തിലെ മറ്റു ചാപ്റ്ററുകളുമായി ചേർന്ന് സംഘടിപ്പിച്ച ആൾ കേരള സി എം എ ചാപ്റ്റേഴ്സ് ക്രിക്കറ്റ് ടൂർണമെന്റിൽ പാലക്കാട് ചാപ്റ്റർ ജേതാക്കൾ. തിരുവനന്തപുരം ചാപ്റ്ററാണ് റണ്ണേഴ്സ് അപ്. ഇടപ്പള്ളി പൈറഷം ഇൻഡോർ ക്രിക്കറ്റ് ടർഫിൽ നടന്ന ചാമ്പ്യൻഷിപ്പിൽ തിരുവനന്തപുരം, തൃശൂർ, പാലക്കാട്, കൊച്ചിൻ, മലപ്പുറംകോഴിക്കോട് എന്നീ ചാപ്റ്ററുകളുടെ ടീമുകളാണ് മാറ്റുരച്ചത്.

നാല് മത്സരങ്ങളിൽ നിന്ന് 192 റൺസെടുത്ത അനീഷ് എസ് മികച്ച ബാറ്ററും നാല് മത്സരങ്ങളിൽ നിന്നും ഏഴു വിക്കറ്റുകൾ നേടിയ വിഷ്ണു എം വി നായർ മികച്ച ബൗളറുമായി. ഇരുവരും തിരുവനന്തപുരം ചാപ്റ്റർ താരങ്ങളാണ്. സി എം എ എസ് ഐ ആർ സി മുൻ ചെയർമാൻ ശങ്കർ പി പണിക്കർ ടൂർണമെന്റ് ഉദ്ഘാടനം ചെയ്തു. കൊച്ചിൻ ചാപ്റ്റർ ചെയർമാൻ തോമസ് ടി വി, സെക്രട്ടറി രഞ്ജിനി ആർ, എസ് ഐ ആർ സി അംഗം പ്രവീൺ എന്നിവർ പ്രസംഗിച്ചു.സമാപന ചടങ്ങിൽ എറണാകുളം ജില്ലാ ക്രിക്കറ്റ് അസോസിയേഷൻ പ്രസിഡന്റ് സി എം എ പി ശിവകുമാർ സമ്മാനങ്ങൾ വിതരണം ചെയ്തു.




# ദേശീയ സ്കൂൾ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ ജേതാക്കളായ കേരള ടീമിന് സ്വീകരണം നൽകി

**കൊച്ചി :** വിജയവാഡയിൽ വെച്ചു നടന്ന 67)ീ മത് ദേശീയ സ്കൂൾ ൗിറലൃ 19 ആൺകുട്ടികളുടെ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ വിജയികളായ കേരള ടീമിന് എറണാകുളം നോർത്ത് റെയിൽവേ സ്റ്റേഷനിൽ വിദ്യാഭ്യാസ വകുപ്പും കായികപ്രേമികളും ചേർന്ന് സ്വീകരണം നൽകി. ഇന്നലെ (തിങ്കൾ) പുലർച്ചെ നാലിന് കന്യാകുമാരി എക്സ്പ്രസിൽ ആണ് ടീം എറണാകുളത്ത് എത്തിയത്. കേരള ടീമിൽ 5 വിദ്യാർത്ഥികളും ടീം മാനേജറും കോച്ചും അടങ്ങുന്ന സംഘമാണ് ഉണ്ടായിരുന്നത് .കളിച്ച കളിയിൽ എല്ലാം തന്നെ വ്യക്തമായ ആധിപത്യം പുലർത്താൻ കേരള ടീമിന് കഴിഞ്ഞു.

ഫൈനലിൽ ചണ്ടിഗഡിനെ നേരിട്ടുള്ള സെറ്റുകൾക്ക് തോൽപ്പിച്ചാണ് ചാമ്പ്യൻമാരായത്.നീണ്ട 15 വർഷത്തെ ഇടവേളക് ശേഷമാണു കേരളം ചാമ്പ്യൻമാരാകുന്നത്.അഭിഷേക് എസ് (എറണാകുളം ).അക്ഷിത് എസ് (ആലപ്പുഴ).വർഗീസ് (എറണാകുളം ).ജോഷൽ ആന്റണി (എറണാകുളം ).അലോക് ദേവ് (തിരുവനന്തപുരം ).മാനേജർ (പി.പി റജീഷ് കണ്ണൂർ )കോച്ച് (ജോബിൻ പി ലൂക്കോസ് (കണ്ണൂർ) എന്നിവരെ അടങ്ങുന്ന ഏഴുപേരുടെ സംഘമാണ് കേരളത്തിൽ ടീമിൽ ഉണ്ടായിരുന്നത്. വിദ്യാഭ്യാസ വകുപ്പിന് വേണ്ടി എറണാകുളം ബിപിസി നിഷാദ് ബാബു, കെ എ റിബിൻ, നവീൻ പുതുശ്ശേരി, ഷാരോൺ പോൾ, റിൻസി നവീൻ, ഭഗത് ബിൻ പളനി, സൗമ്യ ജോർജ്, ലെനിൻ തോമസ് എന്നിവർ സ്വീകരണത്തിന് നേതൃത്വം നൽകി

# 3ഡി കോൺക്രീറ്റ് പ്രിന്റിംഗ് സാങ്കേതികവിദ്യുമായി എജാക്സ് എഞ്ചിനീയറിംഗ്

**കൊച്ചി:** രാജ്യത്തെ മുൻനിര കോൺക്രീറ്റ് ഉപകരണ നിർമ്മാതാക്കളായ എജാക്സ് എഞ്ചിനീയറിംഗ് സ്വന്തം നിലയ്ക്ക് വികസിപ്പിച്ചെടുത്ത 3ഡി കോൺക്രീറ്റ് പ്രിന്റിംഗ് മെഷീൻ പുറത്തിറക്കി. ഇതോടെ 3ഡി കോൺക്രീറ്റ് പ്രിന്റിംഗ് സാങ്കേതികവിദ്യയിലേക്ക് കമ്പനി ചുവടുവച്ചു.

350 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള വീട് മൂന്നു ദിവസം കൊണ്ട് നിർമ്മിച്ച് കമ്പനി പുതിയ സാങ്കേതികവിദ്യയുടെ പ്രദർശനം ഇതിനകം നടത്തിയിട്ടുണ്ട്. പരമ്പരാഗത രീതിയിൽ സമാനമായ വീട് നിർമ്മിക്കാൻ മാസങ്ങൾ വേണമെന്നിരിക്കെ എജാക്സ് 3ഡി കോൺക്രീറ്റ് പ്രിന്റിംഗ് സാങ്കേതികവിദ്യ അതിവേഗം, ചെലവ് വളരെ കുറഞ്ഞ, പരിസ്ഥിതി സുസ്ഥിര ബദലാണ് മുന്നോട്ടുവയ്ക്കുന്നതെന്ന് എജാക്സ് എഞ്ചിനീയറിംഗ് എംഡിയും സിഇഒയുമായ ശുഭബ്രത സാഹ പറഞ്ഞു.

ബഹുജന ഭവന ലക്ഷ്യങ്ങൾ കൈവരിക്കാൻ സർക്കാരിനെ സഹായിക്കുന്നതാണ് എജാക്സിന്റെ പുതിയ സാങ്കേതിക വിദ്യ. വീടുകൾക്ക് പുറമെ, വില്ലകൾ, പോസ്റ്റ് ഓഫീസുകൾ, ഫയർസ്റ്റേഷനുകൾ, ശിൽപങ്ങൾ തുടങ്ങി വ്യത്യസ്ത ഘടനകൾ നിർമ്മിക്കുന്നതിലടക്കം വിപുലമായ സാധ്യതകളാണ് എജാക്സ് 3ഡി കോൺക്രീറ്റ് പ്രിന്റിംഗ് സാങ്കേതിക വിദ്യ ആഗോളതലത്തിൽ തന്നെ ഒരുക്കുന്നത്. വർദ്ധിത ശേഷിയിൽ, കൂടുതൽ മെച്ചപ്പെടുത്തിയ മോഡലുകൾ അവതരിപ്പിക്കാനുള്ള ശ്രമത്തിലാണ് കമ്പനി. സ്വാശ്രയത്വവും പുതുമയുമാണ് കമ്പനിയുടെ മൂല്യങ്ങളെന്ന് ശുഭബ്രത സാഹ പറഞ്ഞു. 3ഡി കോൺക്രീറ്റ് പ്രിന്ററിന്റെ സാധ്യതകൾ ആവേശഭരിതരാക്കുന്നു. വിപ്ലവകരമായ ഭാവി രൂപപ്പെടുത്തുന്നതിന് ഈ സാങ്കേതിക വിദ്യ പ്രചോദനമാകുമെന്നും അദ്ദേഹം പറഞ്ഞു.

# 2,000 ലധികം ജീവനക്കാരെ നിയമിക്കാനൊരുങ്ങി മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ്

**കൊച്ചി:** യെല്ലോ മുത്തൂറ്റ് എന്നറിയപ്പെടുന്ന ഇന്ത്യയിലെ ബാങ്കിങ് ഇതര ഫിനാൻഷ്യൽ കമ്പനികളിലൊന്നായ മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് ലിമിറ്റഡ് രാജ്യത്തുടനീളമുള്ള വിവിധ തലത്തിലുള്ള 2,000 ലധികം വരുന്ന തസ്തികകളിലേക്ക് നിയമനം നടത്തുന്നു.

സെയിൽസ് മാനേജർമാർ, മാർക്കറ്റിംഗ് മാനേജർമാർ, റീജ്യണൽ മാനേജർമാർ തുടങ്ങി സീനിയർ ലെവൽ പ്രൊഫഷണലുകൾക്കും ബ്രാഞ്ച് മാനേജർമാർ പോലെയുള്ള മിഡ് ലെവൽ ജീവനക്കാർക്കും റിലേഷൻഷിപ്പ് എക്സിക്യൂട്ടീവുകൾ പോലെയുള്ള എൻട്രി ലെവലിലേക്കുമാണ് കമ്പനി നിയമനം നടത്തുന്നത്. ഗുജറാത്ത്, കർണാടക, ആന്ധ്രാപ്രദേശ്, തെലങ്കാന, മഹാരാഷ്ട്ര, തമിഴ്നാട്, ഡൽഹി, ഹരിയാന എന്നീ സംസ്ഥാനങ്ങളിലാണ് പ്രൊഫഷണലുകളെ നിയമിക്കാൻ കമ്പനി ലക്ഷ്യമിടുന്നതെന്ന് മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് ലിമിറ്റഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പി. ഇ മത്തായി പറഞ്ഞു.ശൃംഖല വിപുലീകരിക്കുകയും ഉപഭോക്താക്കളുടെ മികച്ച താൽപ്പര്യങ്ങൾ മനസ്സിലാക്കി രാജ്യത്തുടനീളമുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നതിലാണ് കമ്പനിയുടെ പ്രധാന ശ്രദ്ധയെന്നും പി. ഇ മത്തായി പറഞ്ഞു.

# എഐ-ജനറേറ്റഡ് റിവ്യൂ ഹൈലൈറ്റ്സ് അവതരിപ്പിച്ച് ആമസോൺ

**കൊച്ചി:** ഉപഭോക്താക്കൾക്ക് വിവിധ ഉത്പന്നങ്ങളെ കുറിച്ചുള്ള റിവ്യൂ എളുപ്പത്തിൽ അറിയാൻ എഐ-ജനറേറ്റഡ് റിവ്യൂ ഹൈലൈറ്റ്സ് അവതരിപ്പിച്ച് ആമസോൺ ഡോട്ട് ഇൻ. എഴുതപ്പെടുന്ന റിവ്യൂകളിൽ പതിവായി പരാമർശിക്കുന്ന ഉൽപ്പന്ന സവിശേഷതകളും ഉപഭോക്തൃ വികാരവും ഹൈലൈറ്റ് ചെയ്യുന്ന ഒരു ചെറിയ ഖണ്ഡിക പ്രൊഡക്ട് ഡീറ്റെയിൽ പേജിൽ തന്നെ നൽകുന്നതാണ് പുതിയ ഫീച്ചർ. കൂടുതൽ എളുപ്പത്തിലും, ആത്മവിശ്വാസത്തിലും, അറിവോടെയുള്ള വാങ്ങൽ തീരുമാനങ്ങൾ എടുക്കാൻ ഈ സംവിധാനം ഉപഭോക്താക്കളെ പ്രാപ്തരാക്കുമെന്ന് ആമസോൺ ഷോപ്പിങ് എക്സ്പീരിയൻസ്, ഇന്ത്യ ആൻഡ് എമർജിങ് മാർക്കറ്റ്സ് ഡയറക്ടർ കിഷോർ തോട്ട പറഞ്ഞു . ഒരു ഉൽപ്പന്നത്തോടുള്ള മൊത്തത്തിലുള്ള വികാരത്തെയും പ്രധാന ഗുണങ്ങളെയും കുറിച്ച് പെട്ടെന്ന് മനസിലാക്കാൻ എഐ ജനറേറ്റഡ് റിവ്യൂ ഹൈലൈറ്റ്സ് ഉപഭോക്താക്കളെ സഹായിക്കും. റിവ്യൂകളിൽ നിന്നുള്ള പൊതുവായ തീമുകളുടെ ഒരു സ്നാപ്പ്ഷോട്ട് നൽകുന്നതിനാൽ, വിശദമായ റിവ്യൂവിലേക്ക് കടക്കുന്നതിന് മുമ്പ് തന്നെ ഒരു ഉൽപ്പന്നം അവരുടെ ആവശ്യങ്ങളോടും പ്രതീക്ഷകളോടും യോജിക്കുന്നുണ്ടോ എന്ന് നിർണയിക്കാനും ഉപഭോക്താക്കൾക്ക് സാധിക്കും. കൂടാതെ ഉത്പന്നത്തിന്റെ പ്രത്യേക ഗുണങ്ങളെ അഭിസംബോധന ചെയ്യുന്ന നിർദിഷ്ട റിവ്യൂകളിലേക്ക് എളുപ്പത്തിൽ എത്താനും ഈ ഫീച്ചർ സഹായകരമാവും.




# പത്ത് വർഷം കൊണ്ട് 5000 റോബോട്ടിക് ശസ്ത്രക്രിയകൾ; സുവർണ നേട്ടവുമായി കൊച്ചി ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** 10 വർഷം കൊണ്ട് 5000 റോബോട്ടിക് ശസ്ത്രക്രിയകൾ വിജയകരമായി പൂർത്തിയാക്കി കൊച്ചി ആസ്റ്റർ മെഡ്സിറ്റി. സുവർണ നേട്ടം കരസ്ഥമാക്കിയതിന്റെ വിജയാഘോഷവും റോബോട്ടിക് ശസ്ത്രക്രിയക്ക് വിധേയരായവരുടെ ഒത്തുചേരലും സംഘടിപ്പിച്ചു. ആസ്റ്റർ മെഡ്സിറ്റിയിൽ നടന്ന ചടങ്ങിൽ സിനിമ സംവിധായകൻ സിബി മലയിൽ മുഖ്യാതിഥിയായി. റോബോട്ടിക് ശസ്ത്രക്രിയക്ക് വിധേയരായ നൂറോളം രോഗികളും അവരുടെ കുടുംബാംഗങ്ങളും വിജയാഘോഷത്തിൽ പങ്കെടുത്തു.

രോഗികളും അവരെ ചികിത്സിച്ച ഡോക്ടർമാരും തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചു.ഇന്റഗ്രേറ്റഡ് ലിവർ കെയർ, യൂറോളജി, സർജിക്കൽ ഓങ്കോളജി, സർജിക്കൽ ഗ്യാസ്ട്രോ, വുമൺസ് ഹെൽത്ത് എന്നീ വിഭാഗങ്ങളിലായാണ് റോബോട്ടിക് ശസ്ത്രക്രിയ നടത്തുന്നത്. അതി സങ്കീർണമായ ശസ്ത്രക്രിയകൾ റോബോട്ടിക് സാങ്കേതിക വിദ്യയുടെ സഹായത്തോടെ ചെയ്യുന്ന നൂതന ചികിത്സാരീതിയാണ് റോബോട്ടിക് സർജറി. കൂടുതൽ കൃത്യത ഉറപ്പു വരുത്താനും സങ്കീർണതകൾ കുറക്കാനും കഴിയും എന്നതാണ് ഇത്തരം ശസ്ത്രക്രിയകളുടെ പ്രത്യേകതയെന്നും ആസ്റ്റർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫർഹാൻ യാസീൻ പറഞ്ഞു.നേട്ടത്തിൽ ഇവിടുത്തെ മികച്ച ഡോക്ടർമാരുടെയും അത്യാധുനിക സൗകര്യങ്ങളുടെയും പങ്ക് എടുത്ത് പറയേണ്ടതുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




# മെഗാ മാക്സ് ക്വയ് ക്രെയിനുകളെ വരവേറ്റ് ഡിപി വേൾഡ് കൊച്ചി

**കൊച്ചി :** കൊച്ചി ഡിപി വേൾഡിന്റെ ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിന (ഐസിടിടി) ലിൽ രണ്ട് അത്യാധുനിക എസ് ടി എസ് (ഷിപ്പ്ടുഷോർ) മെഗാ മാക്സ് ക്വയ് ക്രെയിനുകൾ എത്തി.

വിപുലീകരണത്തിലും ആധുനികവത്കരണത്തിലും ഐസിടിടി പുലർത്തുന്ന ഉറച്ച പ്രതിബദ്ധതയെ പരിപോഷിപ്പിക്കാനും സർവ്വോപരി ദക്ഷിണേന്ത്യയിലെ സുപ്രധാന പ്രവേശനകവാടവും ഇന്ത്യയിലെ മുൻനിര ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലുമെന്ന പദവിക്കു കരുത്തേകാനും പുതിയ ക്രെയിനുകൾ സഹായകമാകും.മെഗാ മാക്സ് ക്രെയിനുകൾക്ക് സ്പ്രെഡർ ബാറിനു താഴെ 51 മീറ്റർ ഉയരവും 67 മീറ്റർ നീളത്തിൽ ഔട്ട് റീച്ചുമുണ്ട്. 25 കണ്ടെയ്നർ നിരകളുടെ വീതി വരെ കൈകാര്യം ചെയ്യാനുമാകും. ഐസിടിടിയുടെ നിലവിലുള്ള ക്രെയിൻ വ്യൂഹത്തിലേക്ക് രണ്ടു പുതിയ തുറമുഖ ക്വയ് ക്രെയിനുകൾ കമ്മീഷൻ ചെയ്യുന്നതോടെ ടെർമിനലിന്റെ ഉൽപാദനക്ഷമതയെ ഗണ്യമായി ശക്തിപ്പെടുത്തും. ലിഫ്റ്റ് ശേഷിയും യു എൽ സി വികൾ (അൾട്രാ ലാർജ് കണ്ടെയ്നർ വെസലുകൾ) കൈകാര്യം ചെയ്യാനുള്ള കഴിവും വർധിക്കുന്നതാണ് ടെർമിനലിന് നേട്ടമാകുന്നത്.

പ്രവർത്തന മികവും ഉപഭോക്തൃ സേവന നിലവാരവും തുടരെ ഉയർത്താൻ ഡിപി വേൾഡ് പ്രതിജ്ഞാബദ്ധമാണെ ന്ന് ഡിപി വേൾഡ് കൊച്ചിൻ സിഇഒ പ്രവീൺ തോമസ് ജോസഫ് പറഞ്ഞു. അടുത്തിടെ കൈവരിച്ച നാല് ഇആർടിജികൾക്കൊപ്പം രണ്ട് മെഗാ മാക്സ് ക്വയ് ക്രെയിനുകൾ കൂടി ചേരുന്നതോടെ ചരക്ക് നീക്കം കാര്യക്ഷമമായി നിർവ്വഹിക്കാനുള്ള ഐസിടിടിയുടെ കഴിവ് സുശക്തമാകുകയാണ്. ഉപഭോക്താക്കളുടെ ചരക്കുകൾ സുരക്ഷിതമായും വേഗത്തിലും സുസ്ഥിരമായും ട്രാൻസ്പോർട്ട് ചെയ്യാനും കഴിയും. പതിറ്റാണ്ടുകളിലേക്ക് നീളുന്ന സുസ്ഥിതിയാണ് ടെർമിനലിന് കൈവരുന്നതെന്നും അദ്ദേഹം പറഞ്ഞു. ഡിസംബർ ഒൻപതിനാണ് ക്രെയിനുകൾ ടെർമിനലിൽ എത്തിയതെന്നു ഡിപി വേൾഡ് അറിയിച്ചു.12ലധികം തുറമുഖങ്ങളിലേക്കു ഐസിടിടി പ്രശംസനീയമായ നിലയ്ക്ക് നേരിട്ടു സേവനബന്ധമുണ്ട്. മിഡിൽ ഈസ്റ്റ്, ഫാർ ഈസ്റ്റ്, യൂറോപ്പ്, മെഡിറ്ററേനിയൻ എന്നിവിടങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ദക്ഷിണ, പൂർവ്വ ഇന്ത്യയിലെ ഏറ്റവും മികച്ച കണക്റ്റഡ് ടെർമിനലുകളിൽ ഒന്നാണ് ഐസിടിടി.

# വെറുതെ കളയണ്ട കുളവാഴ

വൃത്താകൃതിയിലുള്ള ഇലകളും ആകർഷകമായ വയലറ്റ് പൂക്കളുമായി ജലാശയങ്ങളിൽ നിറഞ്ഞു കിടക്കുന്ന കുളവാഴകൾ അഥവാ വാട്ടർ ഹയാസിന്ത് ജലഗതാഗതത്തിനും ജലോപയോഗത്തിനും വലിയ ഭീഷണിയാണ്.

ഉയർന്ന വളർച്ചാ നിരക്കും ജലോപരിതലത്തിൽ ഇടതൂർന്നു പൊന്തികിടക്കാനുള്ള കഴിവും അവയെ മറ്റു ജലസസ്യങ്ങളിൽ നിന്നു വ്യത്യസ്ഥമാക്കുന്നു. ഉപരിതലത്തിൽ പടർന്നു കിടക്കുന്നതുമൂലം സൂര്യരശ്മികൾക്ക് ജലാശയങ്ങളുടെ അടിത്തട്ടിൽ എത്തിപ്പറ്റാനാവില്ല.

ഇതുമൂലം ജലത്തിലെ ഓക്സിജൻറെ അളവിൽ കാര്യമായ കുറവുണ്ടാകും. അതുവഴി ജലാശയങ്ങളിലെ ആവാസവ്യവസ്ഥ തകിടം മറിയും. എന്നാൽ, ഈ കുളവാഴകളെ നിയന്ത്രണവിധേയമായി വളർത്തിയാൽ കൃഷിക്കും കന്നുകാലി വളർത്തലിനും മറ്റും ഫലപ്രദമായി ഉപയോഗിക്കാനാകും.



**കന്നുകാലി തീറ്റ**

ഉണങ്ങിയ ദ്രവ്യ രൂപത്തിലുള്ള കുളവാഴകളിൽ ഉയർന്ന പ്രോട്ടീനും ധാതുക്കളും ധാരാളമായുണ്ട്. അതുകൊണ്ടുതന്നെ കന്നുകാലികളുടെ തീറ്റക്കായി ഉപയോഗപ്പെടുത്താവുന്നതാണ്. ആൽക്കലോയിഡിൻറെയും സാഫോണിൻറെയും സാന്നിധ്യമുള്ളതിനാൽ ഫീഡ് സപ്ലിമെൻറായും പ്രയോജനപ്പെടുത്താം.

വ്യത്യസ്ത അനുപാതത്തിൽ കുളവാഴയെയും തീറ്റപ്പുല്ലിനെയും ഇടകലർത്തി കന്നുകാലികൾക്കു തീറ്റയായി കൊടുക്കുക്കാവുന്നതാണ്. കന്നുകാലി തീറ്റയിൽ 30 ശതമാനം കുളവാഴ ചേർക്കുന്നതു വഴി 20 ശതമാനത്തോളം പാൽ ഉത്പാദനം കൂടുമെന്നു കണ്ടെത്തിയിട്ടുണ്ട്.

ഇതുവഴി കന്പോളത്തിൽ നിന്നു വാങ്ങുന്ന തീറ്റയുടെ അളവ് കുറച്ചു കന്നുകാലി വളർത്തലിനുള്ള ചെലവ് കുറയ്ക്കാൻ കഴിയും. മാംസാവശ്യത്തിനായി വളർത്തുന്ന മൃഗങ്ങളിൽ കുളവാഴ ഫീഡ് ആയി നൽകിയാൽ അവയുടെ വളർച്ച പെട്ടെന്നാകുമെന്നു വിവിധ പഠനങ്ങളിൽ തെളിഞ്ഞിട്ടുണ്ട്.

**ബയോഗ്യാസ്**

കുളവാഴകളിൽ ഹെമിസെല്ലുലോസിൻറെ അംശം കൂടുതലുള്ളതിനാൽ ബയോഗ്യാസ് ഉത്പാദനത്തിന് ഉപയോഗിക്കാവുന്നതാണ്.

കുളവാഴയും ചാണകവും കോഴിക്കാഷ്ടവും 2:2:1 അനുപാതത്തിൽ കലർത്തി ബയോഗ്യാസ് പ്ലാൻറിൽ നിക്ഷേപിച്ചാൽ മൂന്നു ലിറ്ററോളം കൂടുതൽ ബയോഗ്യാസ് ഉത്പാദിപ്പിക്കാനാകും.

**കമ്പോസ്റ്റ്**

കുളവാഴയുടെ വേരുപടലങ്ങളിൽ നൈട്രജൻറെയും ഫോസ്ഫറസിൻറെയും അംശം ഏറെയുള്ളതിനാൽ വളങ്ങൾക്കുള്ള അസംസ്കൃത വസ്തുവായി ഉപയോഗിക്കാനാകും.

കുളവാഴ ഉപയോഗിച്ചു നിർമിച്ചെടുക്കുന്ന കന്പോസ്റ്റ് നൈട്രജൻ, സോഡിയം, പൊട്ടാസിയം, കാത്സ്യം എന്നീ മൂലകങ്ങളെ നേരിട്ടു മണ്ണിലേക്കു നൽകുന്നു. അസിഡിറ്റി കൂടുതലുള്ള മണ്ണിൻറെ പിഎച്ച് കൃത്യമായ അളവിൽ നിലനിർത്താൻ ഈ കമ്പോസ്റ്റിന് സാധിക്കും.

ഔഷധ ഗുണമുള്ളചെടികൂടിയാണ് കുളവാഴ. കോളറ, തൊണ്ടവേദന തുടങ്ങിയവയ്ക്കുള്ള മരുന്ന് ഉത്പാദപ്പിക്കാൻ കുളവാഴ ഉപയോഗിക്കുന്നുണ്ട്. മുടിയുടെ വളർച്ചയ്ക്കും സുഗന്ധത്തിനുമുള്ള തൈലങ്ങൾ കുളവാഴ ഉപയോഗിച്ച് ഉത്പാദിപ്പിക്കുന്നുണ്ട്.

കുളവാഴയുടെ വേരുകളിലും ഇലകളിലും അടങ്ങിയിരിക്കുന്ന രാസപദാർഥങ്ങൾക്ക് രോഗം ശമിപ്പിക്കാനും വ്രണങ്ങൾ ഉണക്കാനുള്ള കഴിവുമുണ്ട്.





# ലാഭം കൊയ്യാൻ ചീര

കേരളത്തിന്റെ കാലാവസ്ഥയിൽ നന്നായി വളരുന്നതും കേരളീയരുടെ ഭക്ഷണവിഭവത്തിൽ പ്രധാനമായും ഉൾപ്പെടുത്തുന്ന ഒരു ഇലക്കറിയാണ് ചീര. ഏത് കാലത്തും നന്നായി കൃഷി ചെയ്ത് ലാഭം കൊയ്യാൻ സാധിക്കുന്ന ഒരു വിളയാണ് ഇത്. ലഭ്യമായ സ്ഥലത്തും വിശാലമായ ഭൂമിയിലും ചീര കൃഷി വിജയകരമായി ചെയ്യാവുന്നതാണ്. ഗുണമേൻമയുള്ള ചീരയുടെ വിത്തുകൾ അടുത്തുള്ള കൃഷിഭവനുകളിൽ ന്യായമായ വിലയ്ക്ക് ലഭ്യമാണ്. ഒരു പാക്കറ്റ് ചീര വിത്തിന്റെ വില വെറും 15 രൂപയാണ്.

ധാരാളം പോഷകഗുണങ്ങളുള്ള ഇലക്കറിയാണ് ചീര. അസിഡിറ്റി,മലബന്ധം,ശ്വാസകോശ സംബന്ധമായ തടസങ്ങൾ തുടങ്ങിയവ തടയാൻ ചീര സഹായിക്കും. ശരീരത്തിലെ ഇൻസുലിന്റെ അളവ് നിയന്ത്രിക്കാൻ ഇവ ഉത്തമമാണ്. വിറ്റാമിൻ എ,സി,കെ, ഇരുമ്പ് തുടങ്ങിയവ ചീരയിൽ ധാരാളം അടങ്ങിയിട്ടുണ്ട്.സാധാരണയായി ചീര കൃഷി ചെയ്യുന്നത് വിശാലമായ ഭൂമിയിലാണ്. കൃഷി സ്ഥലം കിളച്ച് 30സെന്റീമീറ്റർ വീതിയിലും 15സെന്റീമീറ്റർ താഴ്ചയിലും 30സെന്റീമീറ്റർ അകലത്തിലും ചാലുകളെടുത്താണ് വിത്തുകൾ പാകുന്നത്. ഗ്രോ ബാഗുകളിലും ചീരകൃഷി ചെയ്യാവുന്നതാണ്. അടിവളമായി ചാണകപൊടിയോ എല്ലുപൊടിയോ മണ്ണിൽ ചേർക്കാവുന്നതാണ്. മഴക്കാലത്ത് തടങ്ങൾക്ക് പകരം ചാലുകൾ എടുത്തും വിത്തുകൾ നടാം .25 മുതൽ 35 ദിവസത്തിനുള്ളിൽ ചീരകൃഷി വിളവെടുക്കാവുന്നതാണ്. ജൈവ കൃഷി ചെയ്തെടുക്കുന്ന ചീരയ്ക്ക് വിപണിയിൽ വലിയ വില ലഭിക്കാറുണ്ട്.ചീര വിത്ത് ശരിയായി പാകേണ്ട രീതി

വിത്ത് ചാണകപൊടിയും ഇരട്ടിയളവിൽ മണ്ണുമായി കലർത്തിയതിന് ശേഷം മാത്രം പാകുക. കൃഷി ചെയ്യുന്ന സ്ഥലത്ത് ഉറുമ്പിന്റെ ശല്യമുണ്ടെങ്കിൽ റവയോ ഗോതമ്പ് മാവോ ചേർത്ത് മാത്രം വിത്ത് പാകുക. പാകിയതിന് ശേഷം വെള്ളം നന്നായി സ്പ്രേ ചെയ്ത് കൊടുക്കാം.വളപ്രയോഗംരണ്ടാഴ്ചകൾക്കിടയിൽ വേപ്പിൻ പിണ്ണാക്ക്, ചാണകം, സുഡോമോണസ് തുടങ്ങിയവ കലക്കി തയ്യാറാക്കിയ മിശ്രിതം നന്നായി അരിച്ചെടുത്ത് ചീരകൾക്ക് ഒഴിക്കുന്നതിലൂടെ ഇലകൾ കരുത്തോടെ വളരാൻ സഹായിക്കും.

ഗോമൂത്രം നേർപ്പിച്ച് ചീരച്ചെടികൾക്ക് ഒഴിച്ചുകൊടുക്കുന്നതും ഉത്തമമായിരിക്കും. ഇലകളിൽ ബാധിക്കുന്ന പുഴുക്കളും പ്രാണികളും വന്നുപറ്റുന്ന ഇലകൾ ചെടിയിൽ നിന്നും പൂർണമായും നീക്കം ചെയ്യണം. പുകയില കഷായം നേർപ്പിച്ച് ഇലകളിൽ തളിക്കുന്നതും ഇതിന് സഹായിക്കും.ഗോമൂത്രം,കാന്താരി മുളക് മിശ്രിതം തുടങ്ങിയവയും ഉപയോഗിക്കാം.



# ടാർഗെറ്റഡ് ഫാർമകോവിജിലൻസ് സംഘടിപ്പിച്ച് എയിംസ്

**കൊച്ചി:** ഭാരതസർക്കാരിന്റെ ആരോഗ്യകുടുംബക്ഷേമ മന്ത്രാലയത്തിന്റെ ഗാസിയാബാദിലെ ഇന്ത്യൻ ഫാർമക്കോപ്പിയ കമ്മീഷനുമായി സഹകരിച്ച് അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (എയിംസ് കൊച്ചി) ടാർഗെറ്റഡ് ഫാർമകോവിജിലൻസ് എന്ന പേരിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു.

ഇന്ത്യയിലെ പന്ത്രണ്ട് പ്രാദേശിക പരിശീലന കേന്ദ്രങ്ങളിലൊന്നും (ആർടിസി) ഫാർമകോവിജിലൻസ് പ്രോഗ്രാം ഓഫ് ഇന്ത്യയുടെ കീഴിലുള്ള അഡ്‌വേഴ്സ് ഡ്രഗ് റിയാക്ഷൻ മോണിറ്ററിംഗ് സെന്ററുമായ (എഎംസി) അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് കഴിഞ്ഞ തിങ്കളാഴ്ച അമൃതേശ്വരി ഹാളിലാണ് രണ്ടാമത് അഡ്വാൻസ്ഡ് ലെവൽ പരിശീലന പരിപാടി സംഘടിപ്പിച്ചത്.കേരളത്തിലുടനീളമുള്ള 54 എഎംസികളുടെ കോർഡിനേറ്റർമാർക്കും ഡെപ്യൂട്ടി കോർഡിനേറ്റർമാർക്കും ഫാർമക്കോവിജിലൻസ് അസോസിയേറ്റ്സിനും മാത്രമായാണ് ഏകദിന പരിശീലനം നടത്തിയത്. എയിംസിലെ ആർ.ടി.സിയും എഎംസി കോർഡിനേറ്ററുമായ ഡോ. പ്രിൻസി ലൂയിസ് പാലാട്ടിയുടെ കീഴിലെ  ടീം സംഘടിപ്പിച്ച ഉദ്ഘാടന പരിപാടിയിൽ ഡോ. പി. ജി നായർ (എമിരിറ്റസ് പ്രൊഫസർ), ഡോ. ബീന കെ.വി. (അഡീഷണൽ മെഡിക്കൽ സൂപ്രണ്ട്), ഡോ.(ബ്രിഗ്.) അജോയ് മേനോൻ (സീനിയർ മെഡിക്കൽ അഡ്മിനിസ്ട്രേറ്റർ), ബ്രി സായ് ബാല (നഴ്സിംഗ് ഡയറക്ടർ) ഉൾപ്പെടെയുള്ള വിവിധ പ്രമുഖരും എൺപതോളം പ്രതിനിധികളും പങ്കെടുത്തു. ഐപിസി ഗാസിയാബാദിലെ സീനിയർ പ്രിൻസിപ്പൽ സയന്റിഫിക് ഓഫീസർ ഡോ. ജയ് പ്രകാശ് പ്രഭാഷണം നടത്തി.

മരുന്നുകളുടെ പാർശ്വഫലങ്ങളെ കൂടുതൽ ഫലപ്രദമായി നേരിടാൻ പ്രതിനിധികളെ പ്രാപ്തരാക്കുന്ന തരത്തിൽ പ്രത്യേകം രൂപകല്പന ചെയ്തിട്ടുള്ളതായിരുന്നു പരിശീലനപരിപാടി. മരുന്നുകളോടുള്ള ശരീരത്തിന്റെ പ്രതികരണവും അണുബാധകളും, ടാർഗറ്റഡ് തെറാപ്പി കാലത്തെ പ്രതികൂല സംഭവവികാസങ്ങൾ, സ്ത്രീകളിൽ സാധാരണ സംഭവിക്കുന്ന മരുന്നുകളുടെ പ്രതികൂല പ്രവർത്തനങ്ങൾ തുടങ്ങി വിവിധ വിഷയങ്ങളിൽ വിദഗ്ദ്ധർ ക്ലാസെടുത്തു

# ടിസിഎസ് ഇൻക്വിസിറ്റിവ് 2023: മലയാളി വിദ്യാർത്ഥിക്ക് വിജയം



**കൊച്ചി:** ടാറ്റ കൺസൾട്ടൻസി സർവീസസിന്റെ ഇൻറർസ്കൂൾ ചലഞ്ച് ക്വിസ് മത്സരമായ ടിസിഎസ് ഇൻക്വിസിറ്റീവ് 2023 ദേശീയ കിരീടം മലയാളി വിദ്യാർത്ഥിക്ക്. തൃശൂരിലെ വിജയഗിരി പബ്ലിക് സ്കൂളിലെ ആദിത്യ കെ ബിയാണ് ദേശീയ ചാമ്പ്യൻഷിപ്പ് സ്വന്തമാക്കിയത്. രാജസ്ഥാനിലെ ജയ്പൂർ കേംബ്രിഡ്ജ് കോർട്ട് വേൾഡ് സ്കൂളിലെ രോഹൻ ഗുപ്ത ഫസ്റ്റ് റണ്ണറപ്പും കർണ്ണാടകയിലെ ചിക്കമംഗളൂരു ആംബർ വാലി റസിഡൻഷ്യൽ സ്കൂളിലെ അതിന്ദ്ര സൗന്ദർ രാജ സെക്കൻഡ് റണ്ണറപ്പും ആയി തെരഞ്ഞെടുക്കപ്പെട്ടു.ടെക്നോളജി ക്വിസിൻറെ ഈ പതിപ്പിൽ ഇന്ത്യയൊട്ടാകെയുള്ള 4800ലധികം സ്കൂളുകളിൽ നിന്നുള്ള 17500ലധികം വിദ്യാർത്ഥികൾ പങ്കെടുത്തു. പ്രമുഖ ക്വിസ്മാസ്റ്റർ ഗിരി ബാല സുബ്രഹ്മണ്യമാണ് ക്വിസ് മത്സരത്തിൻറെ ഫൈനൽ നിയന്ത്രിച്ചത്.മുംബൈയിൽ നടന്ന ചടങ്ങിൽ ടിസിഎസിൻറെ മാനേജിംഗ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ കെ കൃതിവാസൻ വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

# ടെക്നോപാർക്കിൽ സെമിനാർ ഡിസംബർ 20ന്

**തിരുവനന്തപുരം:** ടെക്നോപാർക്കിലെ നോളഡ്ജ് കമ്മ്യൂണിറ്റിയായ ഫയ:80 ആതിഥേയത്വം വഹിക്കുന്ന സെമിനാറിൽ ഡീകോഡിംഗ് ദി ജയന്റ്സ്: എ ഡീപ് ഡൈവ് ഇൻ ടു ലാർജ് ലാംഗ്വേജ് മോഡലുകൾ എന്ന വിഷയത്തിൽ ചർച്ച നടക്കും. ന്യൂറൽക്രാഫ്റ്റ് സഹസ്ഥാപകൻ നിയാസ് മുഹമ്മദ് നയിക്കുന്ന സെമിനാർ ഡിസംബർ 20 ന് വൈകിട്ട് 5 മണിക്ക് ടെക്നോപാർക്ക് തേജസ്വിനി ബിൽഡിംഗിലെ ഫയ ഫ്ളോർ ഓഫ് മാഡ്നെസ്സിൽ നടക്കും.സാങ്കേതിക വിദ്യയിൽ ലാർജ് ലാംഗ്വേജ് മോഡലുകൾ എന്ന എൽഎൽഎമ്മുകളുടെ പരിവർത്തന സാധ്യതകൾ കണ്ടെത്തുന്നതോടൊപ്പം ഇന്നത്തെ ഡിജിറ്റൽ ആവാസവ്യവസ്ഥയിൽ  അവയുടെ ഉയർന്നുവരുന്ന പ്രയോഗക്ഷമത, സുരക്ഷ, ധാർമ്മികത,  ഉൽപ്പാദനം എന്നിവയെക്കുറിച്ചും സെമിനാർ ചർച്ച ചെയ്യും.

# നാഗേഷ് ട്രോഫി ക്രിക്കറ്റ്: തകർപ്പൻ ജയത്തോടെ കേരളവും ഒഡീഷയും




**കൊച്ചി:** കാഴ്ചപരിമിതരുടെ നാഗേഷ് ട്രോഫി ദേശീയ ക്രിക്കറ്റ് ടൂർണമെന്റ് ഗ്രൂപ്പ് സിയിൽ കേരളത്തിനും ഒഡീഷയ്ക്കും തകർപ്പൻ ജയം. ഉദ്ഘാടന മത്സരത്തിൽ ആതിഥേയരായ കേരളം ബിഹാറിനെ 35 റൺസിനും ഒഡീഷ ജാർഖണ്ഡിനെ 9 വിക്കറ്റിനും തകർത്തു.

34 പന്തിൽ ഏഴു ഫോറുകളോടെ 51 റൺസെടുത്ത്  കേരളത്തിനു ജയമൊരുക്കിയ വിക്കറ്റ് കീപ്പർ  ബാറ്റർ മുഹമ്മദ് ഫർഹാനും ഒഡീഷയ്ക്കുവേണ്ടി നാലോവറിൽ ഒൻപതു റൺസിന് മൂന്നു വിക്കറ്റുകൾ പിഴുത ദേബ് രാജ് മിശ്രയും കളിയിലെ താരങ്ങളായി. തൃപ്പൂണിത്തുറ പാലസ് ഓവൽ ഗ്രൗണ്ടിൽ ടോസ് നേടിയ ബിഹാർ കേരളത്തെ ബാറ്റിംഗിനയച്ചു. മഴമൂലം 20 ഓവർ മത്സരം 13 ഓവറായി ചുരുക്കിയിരുന്നു. ആറു വിക്കറ്റിന് 126 റൺസാണ് കേരളം അടിച്ചെടുത്തത്. ഫർഹാനു പുറമെ  ജിബിൻ പ്രകാശ്(28), ശൈലാജ്(24) എന്നിവരും മികച്ച ബാറ്റിങ് നടത്തി.മറുപടി ബാറ്റിങ്ങിൽ നാല് വിക്കറ്റിന് 91 റൺസെടുക്കാനെ ബിഹാറിന് കഴിഞ്ഞുള്ളൂ. 39 പന്തിൽ 57 റൺസെടുത്ത അംഗദ് ബിഹാറിന്റെ ടോപ്സ്കോററായി. കേരളത്തിനുവേണ്ടി കണിശമായി പന്തെറിഞ്ഞ സച്ചിൻ തുളസീധരൻ വൈസ് ക്യാപ്റ്റൻ എൻ കെ വിഷ്ണു എന്നിവർ ഓരോ വിക്കറ്റു വീഴ്ത്തി.

രണ്ടാം മത്സരത്തിൽ ടോസ് നേടി ബാറ്റിംഗ് തെരഞ്ഞെടുത്ത ജാർഖണ്ഡ് 16.2 ഓവറിൽ 39 റൺസിനു പുറത്തായി. തുടർന്ന് ഒഡീഷ 3.3 ഓവറിൽ ഒരു വിക്കറ്റിന്റെ മാത്രം നഷ്ടത്തിൽ 43 റൺസെടുത്ത് അനായസ വിജയം കൊയ്തു.

ഒഡീഷയ്ക്കുവേണ്ടി അർജുൻ ബത്ര പത്തു പന്തിൽ 18ഉം ധനപതി ഗൗഡ എട്ടു പന്തിൽ 17ഉം റൺസ് നേടി. മൂന്നോവറിൽ എട്ടു റൺസ് മാത്രം നൽകി രണ്ടു വിക്കറ്റെടുത്ത ലിംഗരാജ് രൗത്രയും നാലോവറിൽ വെറും ഏഴു റൺസ് വിട്ടുകൊടുത്ത് ഒരു വിക്കറ്റെടുത്ത അനിൽ മാലിക്കും ഒഡീഷയുടെ വിജയത്തിൽ നിർണായക പങ്കു വഹിച്ചു.തൃപ്പുണിത്തുറ ക്രിക്കറ്റ് ക്ലബ് ക്യൂറേറ്റർ ഹരിദാസ്   രാമചന്ദ്രൻ  മാൻ ഓഫ് ദി മാച്ച് പുരസ്കാരം സമ്മാനിച്ചു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com